**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4150** — **09-08-2021 - ൽ മറുപടിയ്ക്ക്**

**ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലുള്ള ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണത്തിനായി 98 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) | ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | താഴെപ്പറയുന്ന പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. 1. പവലിയൻ 2. കഫറ്റേരിയ 3. വാച്ച്മെൻ കൗണ്ടർ 4. ഫെൻസിംഗ് 5. സ്റ്റേജ് 6. പാത്ത് വേ 7. കുട്ടികളുടെ പാർക്ക് നവീകരിണം 8. ക്ലോക്ക് റൂം നവീകരണം 9.ടോയലറ്റ് ബ്ലോക്ക്. |
| (സി) | നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (സി) | നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു. 1. പടിപ്പുര, കഫറ്റേരിയ, പവലിയൻ, വാച്ച്മെൻ ക്യാബിൻ, ടിക്കറ്റ് കൗണ്ടർ എന്നിവയുടെ പ്രവൃത്തികൾ 90 % 2. ക്ലോക്ക് റൂം 30% 3. കുട്ടികളുടെ പാർക്ക് നവീകരണം 40% 4.ടോയലറ്റ് ബ്ലോക്ക് 50% 5. ഫെൻസിംഗ്, സ്റ്റേജ് പാത്ത് വേ എന്നിവ 90% പൂർത്തിയായി വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിച്ചതെന്നും കരാർ പ്രകാരം എന്നാണ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ; | (ഡി) | നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഡി.റ്റി.പി.സി 24/01/2021-നാണ് കരാർ ഒപ്പ് വെച്ചത്. അന്നുമുതൽ 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണ മെന്നാണ് കരാർ ഉടമ്പടി. |
| (ഇ) | സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | സർക്കാരിന്റെ നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളിൽ ഏനമാവ് നെഹ്റു പാർക്ക് ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ